പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1580

03/10/2011 - ൽ
മറുപടിക്ക്

## കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) കുട്ടികൾക്കും സ്ത്രീകൾക്കും എതിരായുള്ള അതിക്രമങ്ങൾ തടയുന്നതിനും കുറ്റവാളികളെ പിടികൂടുന്നതിനുമായി പോലീസ് വകുപ്പിൽ പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) പ്രത്യേകവിഭാഗം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.എന്നാൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് കണ്ണൂർ ഡി.ഐ.ജി. ശ്രീ.ശ്രീജിത്ത് ഐ.പി.എസിന്റെ നേതൃത്വത്തിൽ Anti Human Trafficking Unit പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാനത്തുടനീളം ഇത്തരം സംഭവങ്ങൾ കണ്ടെത്തുന്നതിനും ഇല്ലാതാക്കുന്നതിനുമായി സ്പെഷ്യൽ ഡ്രൈവുകൾ നടത്തുന്നുണ്ട്. 150 പോലീസ് സ്റ്റേഷനുകളിൽ Women Help Desk- കൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെയെല്ലാം Victim Support Cellഉം സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകളുടെ പ്രശ്നങ്ങൾമാത്രം കൈകാര്യം ചെയ്യുന്നതിനായി വനിതാസിവിൽ |

പോലീസ് ഓഫീസർമാർക്കാണ് Women Help Desk-കളുടെ ചുമതല. 43 ജനമൈത്രി പോലീസ് സ്റ്റേഷനുകളെ സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റിയിട്ടുണ്ട്. വനിതകൾക്ക്മാത്രമായി പരാതികാർഡുകൾ വിതരണം ചെയ്തിട്ടുമുണ്ട്.

കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ജുവനൈൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നുണ്ട്. കുട്ടികളുടെ സുരക്ഷ ഉദ്ദേശിച്ച് 24 മണി ക്കൂറും പ്രവർത്തിക്കുന്ന 1098 എന്ന ചൈൽഡ് ഹെൽപ്പ് ലൈനും ടോൾ ഫ്രീ നമ്പരും പ്രവർത്തിക്കുന്നുണ്ട്.കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരിലെതന്നെ കുറ്റവാസന നിയന്ത്രിക്കുന്നതിനും അദ്ധ്യാപക, വിദ്യാർത്ഥി സമൂഹത്തിന്റെയും,രക്ഷിതാക്കളുടേയും സഹകരണം അഭ്യർത്ഥിച്ച് . മുഖ്യമന്ത്രി നേരിട്ട് എല്ലാ വിദ്യാലയങ്ങളിലെയും പ്രഥമാദ്ധ്യാപകർക്ക് കത്തെഴുതിയിട്ടിണ്ട്.

സെക്ഷൻ ഓഫീസർ